# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോടിക്കുളം ഗ്രാമപഞ്ചായത്ത് - ഇടുക്കി - ഏഴല്ലൂർ ഹരിജൻ കോളനി - ശുദ്ധജല വിതരണ പദ്ധതി - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 4-ാമത് റിപ്പോർട്ട് - ഖണ്ഡിക 55 - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1046/13/തസ്വഭവ തിരുവനന്തപുരം,തീയതി: 19/04/2013

പരാമർശം:- 1) ഇടുക്കി ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 04/02/2010-ലെ P5-965/07 നമ്പർ കത്തും കോടിക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15/07/2005-ലെ IV (1)-ാം നമ്പർ തീരുമാനവും

2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30/10/2012-ലെ ഇ 10/2263/12/C.E/തസ്വഭവ നമ്പർ കത്ത്.

3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 23/03/2013-ലെ L.F.10096/Spl.Cell.g2/05 നമ്പർ കത്ത്.

## ഉത്തരവ്

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 4-ാമത് റിപ്പോർട്ടിൽ ഖണ്ഡിക 55 പ്രകാരം ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തേണ്ട കാര്യങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തുകയും ഗവണ്മെൻറിൽ നിന്നും സാധൂകരണം വാങ്ങുകയും ചെയ്ത ശേഷം സമിതിയ്ക്ക് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിരുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയേക്കാൾ അധികം നൽകിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് കമ്മിറ്റിയുടെ 15/07/2005-ലെ IV-(1)ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ ചെലവ് നടത്തി 15 വർഷം കഴിഞ്ഞതിനാലും

പദ്ധതിയ്ക്ക് വേണ്ടി പൈപ്പും അനുബന്ധ സാമഗ്രികളും റെയ്ഡ്കോ വിതരണം നടത്തി സ്ഥാപിക്കുകയും ചെയ്തതായി പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടതിനാലും നിർവ്വഹണ ഉദ്യോഗസ്ഥ ആ കാലയളവിൽ തന്നെ മരണമടഞ്ഞതിനാലും ഓഡിറ്റ് നിരാകരിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ചീഫ് എഞ്ചിനീയറും പരാമർശം 3 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 4-ാമത് റിപ്പാർട്ടിൽ ഉൾപ്പെട്ട ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഖണ്ഡിക 55-പ്രകാരം ഓഡിറ്റ് നിരാകരിച്ച തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

സെക്രട്ടറി, കോടിക്കുളം ഗ്രാമപഞ്ചായത്ത്, ഇടുക്കി

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ